# MUSIC FOR LIFE

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## Track - 03

# നീളെ നീളെ വാരിച്ചൊരിയുന്നു

രചന : P. Bhaskaran സംഗീതം : Jerry Amaldev

ആലാപനം : Suma Silas & Chorus

നിളെ നിളെ വാരിച്ചൊരിയുന്നു
നിർമണി മുത്തുകൾ ചെമ്മാനം ദേവ
അടിയങ്ങൾക്കവിടുത്തെ സമ്മാനം (2)

ദാഹം കൊണ്ടു വരണ്ടു കിടക്കും
പാവം ഭൂമിക്കൊരുന്മാദം
പാവം ഭൂമിക്കൊരുന്മാദം ദേവ
അവിടുത്തെ കൃപ തൻ സംഗീതം
അവിടുത്തെ കൃപ തൻ സംഗീതം (നിളെ നിളെ )

മിഴിനീർ വറ്റിയ ചോലയിലും
കുളിരോളം പലതുള്ളി പെരുവെള്ളം
കുളിരോളം പലതുള്ളി പെരുവെള്ളം ദേവ
തെളിയുന്നതവിടുത്തെ തിരുവുള്ളം
തെളിയുന്നതവിടുത്തെ തിരുവുള്ളം (നീളെ നീളെ )

കുന്നായ കുന്നിൽ താഴ്‌വരയിൽ
കിങ്ങിണിപ്പൂവിന്റെ നൃത്തനൃത്യം
കിങ്ങിണിപ്പൂവിന്റെ നൃത്തനൃത്യം ദേവ
അവിടുത്തെ കരുണതൻ ഔന്നത്യം
അവിടുത്തെ കരുണതൻ ഔന്നത്യം (നിളെ നിളെ )

കണ്ടും മഴയേറെ കൊണ്ടും കളിയാടും
കുഞ്ഞിന്റെ ചുണ്ടിലും കളഗാനം
കുഞ്ഞിന്റെ ചുണ്ടിലും കളഗാനം ദേവ
അവിടുത്തെ പ്രേമത്തിൻ അപദാനം
അവിടുത്തെ പ്രേമത്തിൻ അപദാനം

നീളെ നീളെ വാരിച്ചൊരിയുന്നു
നിർമണി മുത്തുകൾ ചെമ്മാനം ദേവ
അടിയങ്ങൾക്കവിടുത്തെ സമ്മാനം
ളം ....ളം ....... ളം.......
ളം ....ളം ....... ളം.......

www.TheCMSIndia.org

For further details please visit

http://thecmsindia.org/directory-of-christian-songs-index